EXPENDITURE FOR T. A. FOR THE CHAIRMAN & MEMBERS OF PUBLIC SERVICE COMMISSION

78. (114) മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷനംഗങ്ങളോ ചെയർമാനോ സഞ്ചാരബത്ത അവകാശപ്പെടുകയൊ വാങ്ങുകയൊ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെല്ലാം;

(സി) എത്രവീതം; എത്ര തവണ;

(ഡി) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഹെഡ്കോർട്ടേഴ്സ് എവിടെയാണ്?

മിസ്റ്റർ സി. എ. ഔസേഫ്പ്:

(എ) ഉവ്വ്.

(ബി) ചെയർമാനും അംഗങ്ങളും.

(സി) അത്തവണയും പ്രമാണിച്ച തിരുവനന്തപുരത്തക്ക പോയവകയ്ക്.

ആകെ	൧൪൫.
ചെയർമാൻ	൩൫.
മെമ്പർ	൪൫.
മെമ്പർ	൪൫.

(ഡി) എറണാകുളം.

BANNING OF PROCESSIONS—INFORMATION REGARDING

79. (68) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) when and on what reason processions were banned;

(*b*) whether the Government have any idea to lift the ban; if so, when?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) Processions were not banned in the State. Only a permit from the Commissioner of Police was insisted on for taking processions.

(*b*) The restriction has since been removed.

DISTRIBUTION OF CLOTHES TO DEPRESSED CLASSES STUDENTS—INFORMATION REGARDING

80. (280) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) അധഃകൃത വിദ്യാർത്ഥികൾക്ക് ഇനിയും ഏത്ര സ്കൂളുകളിലാണ് ഇക്കൊല്ലം വസ്ത്രവിതരണം നടത്താതിരിക്കുന്നത്;

(ബി) അങ്ങിനെയുള്ള സ്കൂളുകൾ ഏതെല്ലാമാണ്;

(സി) ഓരോ കുട്ടിക്കും കൊല്ലത്തിൽ എത്ര മുണ്ട വീതമാണ് കൊടുക്കുന്നത്;

(ഡി) മുണ്ട കൂടാതെ മറ്റുവല്ലതും കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) വസ്ത്രവിതരണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ കൃത്യമായി പറയുവാൻ നിവർത്തിയില്ല.

(ബി) 'എ' യുടെ ഉത്തരം നോക്കുക.

(സി) ൽ വയസ്സും അതിനു താഴെയും ഉള്ള വിദ്യാർത്ഥികൾക്ക് ൨ ചെറിയ മുണ്ട വീതവും ൪൫ വയസ്സും അതിനു താഴെ ൽ വയസ്സിനു മീതെയും ഉള്ളവർക്ക രണ്ട് ഇടത്തരം മുണ്ട വീതവും ൪൫ വയസ്സിനു മീതെയുള്ള ആൺകുട്ടികൾക്ക് ഓരോ വലിയ മുണ്ടും പെൺകുട്ടികൾക്ക് ഓരോ വലിയ മുണ്ടും ഓരോ വാര തുണിയും.

(ഡി) മുണ്ട കൂടാതെ വിദ്യാഭ്യാസോപകരണങ്ങളും സ്റ്റൈപ്പൻഡും കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: പുസ്തകങ്ങളും എല്ലായിടത്തും കൊടുത്തുകഴിഞ്ഞിട്ടുണ്ടെന്നാണോ ഗവൺമെണ്ട വിചാരിക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി പരാതികളുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇങ്ങിനെ പുസ്തകങ്ങളും കൊടുക്കാത്ത സ്ഥലങ്ങളും എതെല്ലാമാണെന്ന ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാമാന്യേന പുസ്തകങ്ങളും മറ്റുപകരണങ്ങളും കിട്ടികഴിഞ്ഞിട്ടില്ലായെന്നുള്ള ആക്ഷേപമുണ്ടായിട്ടുണ്ട്. അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly